

ഇരുണ്ട വെള്ളം/എം പി പ്രതീഷ്

Maybe this isn't what I wanted to say. To speak, and speak of the self like this, is hardly pleasant. I cannot speak with my voice, but I speak with my voices. Or it could be that this poem is a trap, or simply another scene in a play.

—Alejandra Pizarnik,

Extracting the Stone of Madness, pp.101, (tr. Yvette Siegert)

അല്പനേരം

[ജനുവരി 13, 2024]

തുണി കഴുകിയിട്ടു. നീലയിൽ നിറമില്ലാത്ത മേഘങ്ങൾ നീങ്ങുന്നത് അല്പനേരം നോക്കിനിന്നു.

[ജനുവരി 14, 2024]

കിഴക്കുവശത്തെ സൺഷേഡിനുമീതെ ഒരു കിളി ചത്തുകിടന്നിരുന്നു. അതിനെ മണ്ണിൽ മൂടി.

[ജനുവരി 15, 2024]

ജനാലയിലെ പൊടിതുടച്ചു. തവിട്ടുനിറം എല്ലായിടത്തും നിറഞ്ഞതായിത്തോന്നി.

[ജനുവരി 16, 2024]

ഒരു പുഴുവിനെ ഓർമ്മവന്നു. അത് ഒരു ചെടിയില തിന്നുകയായിരുന്നു. ഒരു ചെറിയ കാറ്റത്ത് അവ രണ്ടും.

[ജനുവരി 17, 2024]

മുറിവിന്റെ നിറം പതുക്കെ ഇരുട്ടുന്നുണ്ട്. നീലയിൽനിന്ന് കരിനീലയിലേക്ക്.

[ജനുവരി 18, 2024]

പള്ളിയിലേക്ക് പോയി. ഖബറുകൾക്കിടയിൽ കുറേനേരം നിന്നു.

[ജനുവരി 19, 2024]

ഉപ്പുവെള്ളത്തിൽ കാലുകൾ ഇറക്കിവെച്ചു.

[ജനുവരി 20, 2024]

നാരകത്തിന്റെ ഒരു ചില്ല മുറിച്ചുകളഞ്ഞു. അതിൽ നിറയെ കായ്കൾ ഉണ്ട്.

[ജനുവരി 21, 2024]

എല്ലാ മുറിയിലും രാത്രിയാണ്. എല്ലാ മുറിയിലും ചന്ദ്രൻ നീങ്ങിനീങ്ങിപ്പോകുന്നു.

[ജനുവരി 22, 2024]

മഴയത്ത് പെട്ടെന്ന് പാറ്റകൾ പൊടിഞ്ഞു.
ഭൂമിക്കടിയിൽനിന്ന് കുറച്ചു പ്രകാശം അവ കൊണ്ടുവന്നു.

[ജനുവരി 23, 2024]

മുറ്റത്ത് ഒരു കിളി ചത്തുകിടന്നു. അതിനെ ആദ്യത്തേതിന്
തൊട്ടടുത്തായി അടക്കം ചെയ്തു.

[ജനുവരി 24, 2024]

ജനാല തുടയ്ക്കാൻ വയ്യ. ചാരനിറത്തിൽ പൊടി
കട്ടിയായിരിക്കുന്നു.

[ജനുവരി 25, 2024]

നാരകത്തിന്റെ ഒരു ചില്ലകുടി മുറിച്ചു. അതിനുമേൽ ഒരു
ചെറിയ കൂട് ഉണ്ടായിരുന്നു.

[ജനുവരി 26, 2024]

തോട്ടുവക്കിൽ വളരുന്ന തരം ഒരു കൈത ഓർമ്മയുണ്ടായി.
ഇരുപുറവും മുള്ളുകൾ.

[ജനുവരി 27, 2024]

നാരങ്ങയുടെ തൊലി വെയിലത്ത് ഉണക്കാൻ വച്ചു.

[ജനുവരി 28, 2024]

കാറ്റിൽ പുളിമരച്ചില്ലകൾ വീടിനുനേരെ വന്നു. പുളിയിലയുടെ ചവർപ്പ് ചുമരിൽ തങ്ങിനിന്നു.

[ജനുവരി 29, 2024]

ഒട്ടിപ്പിടിച്ച മണ്ണ് വേർപെടുത്തി. പൂമ്പാറ്റയുടെ ചിറക് കഴുകിത്തുടച്ചു.

[ജനുവരി 30, 2024]

മരപ്പൊത്തിനുള്ളിലേക്ക് പറന്നുപോയ കിളി ഇന്ന് മുഴുവൻ പുറത്തിറങ്ങിയിട്ടില്ല. അതിൻറെ കരച്ചിൽ കേട്ടു.

[ജനുവരി 31, 2024]

തുണി പതുക്കെ കീറി. ഈ ചോരയ്ക്കുമേലെ വിരിച്ചു.

[ഫെബ്രുവരി 1, 2024]

കാറ്റിൽ മരത്തലപ്പുകൾ കൂട്ടിയിടിച്ചു. പൂപ്പൽത്തരികൾ താഴെവീണു.

[ഫെബ്രുവരി 2, 2024]

ദേശാടനക്കിളികൾ കൂട്ടത്തോടെ മടങ്ങി. എല്ലാ മരങ്ങളിൽനിന്നും.

[ഫെബ്രുവരി 3, 2024]

അപ്പം രണ്ടായി മുറിച്ചു. നായിന്റെയും എൻറെയും പിഞ്ഞാണത്തിലിട്ടു.

[ഫെബ്രുവരി 4, 2024]

മഴയത്ത് തുണികൾ നനയുന്നു. ടെറസിലേക്ക് വഴി ഓർമ്മിക്കാനാവുന്നില്ല.

[ഫെബ്രുവരി 5, 2024]

ഇന്ന് സൂര്യഗ്രഹണമാണ്. നിഴലുകൾ എല്ലാ ഗ്രഹങ്ങളിലും ഇളകുന്നത് കണ്ടു.

[ഫെബ്രുവരി 6, 2024]

ചെരിപ്പുകൾ കാലിലൊട്ടിപ്പിടിച്ചിരിക്കുന്നു. ചോരപ്പശ ഈ കല്ലിൽ ഉറച്ചു.

[ഫെബ്രുവരി 7, 2024]

ചേരയുടെ ഇഴച്ചിൽ നോക്കിനിന്നു. ചേരയുടെ മഞ്ഞനിറം നോക്കിനിന്നു.

[ഫെബ്രുവരി 8, 2024]

ആലിപ്പഴം വീണുകൊണ്ടിരുന്നു. ഉള്ളങ്കൈയിലിരുന്ന് അത് ഉരുകുന്നു. ഒന്നോ രണ്ടോ ഓടുകൾ പൊട്ടി.

[ഫെബ്രുവരി 9, 2024]

ഈ ചിത്രം പുസ്തകത്തിൽ വച്ചു. ആരുടേതെന്ന് ആർക്കും അറിയാത്ത ഒരാളിന്റെ പാസ്പോർട്ട് സൈസിൽ ഉള്ള ഫോട്ടോ.

[ഫെബ്രുവരി 10, 2024]

കാക്കകളെ ആട്ടി. നെല്ലിനടുത്ത് ഒരു കണ്ണാടിച്ചില്ല് ചെരിച്ചുവച്ചു.

[ഫെബ്രുവരി 11, 2024]

തുടവരെ വെള്ളമുണ്ടായിരുന്നു. കന്നുകൾ പെട്ടെന്ന് ഇറങ്ങുന്ന ഒരു ചെരിവുണ്ട്. തോടുകടന്നപ്പോൾ ഞാൻ അത് തിരഞ്ഞു.

[ഫെബ്രുവരി 12, 2024]

കള്ളിപ്പാലയുടെ കറ കാലിലിറ്റിച്ചു. കുറേദൂരം നടന്നു. ഒരു ഇല പൊട്ടിച്ചു.

[ഫെബ്രുവരി 13, 2024]

ദൂരെ കാട്ടുതീ. ദൂരെ നിലവിളി. ദൂരെ രാത്രിയാവാത്ത മൃഗങ്ങൾ.

[ഫെബ്രുവരി 14, 2024]

മുഞ്ഞയില നെറ്റിയിൽ തണുത്തുകിടക്കുന്ന ഒരു ശീല.

മുറിഞ്ഞന്നൽ

1

മുറിവ്, മരക്കമ്പുകളിൽ കൂണുകൾ വളർത്തി

2

പകൽ ഇലകളായ്ത്തീർന്നും

രാത്രി കായ്കളായ്ത്തീർന്നും

3

വെളിച്ചം പുരളുന്നതുള്ളിലായിരുന്നു

4

മുറിഞ്ഞുന്നലിൻ നിറം ചെടിത്തണ്ടുകളിലേക്കു നീങ്ങുന്നു

5

കിളികൾ സ്വരംകൊണ്ട് കിളികളെ മറച്ചുപിടിച്ചു

6

വെളിച്ചത്തിൽ അനാദിയായ ദുഃഖം വെളിച്ചത്തിന്റെ
നിഴലായ്ത്തോന്നുന്നു

7

ഭാരംകൊണ്ടല്ല കല്ലുകൾ താഴത്തു നിൽക്കുന്നു,
ഓർമ്മയെപ്പോഴും വലിച്ചമർത്തുന്നു

8

പൂവിനും തണ്ടിനുമിടയിലൊരിടത്ത് പ്രകാശം അല്പനേരം
പാർക്കുന്നു

9

മണ്ണിന്നിരുൾനിറം മുലക്കണ്ണിനു ചുറ്റിലും വീഴുന്ന ഇലകൾ
മെല്ലെയഴുകുന്നു

10

നാരകമരം പൂച്ചയുടെ മുതുകത്തുരയുകയും വാലിൽ
തൊട്ടുനോക്കുകയും ചെയ്തു

11

എല്ലാക്കൊല്ലവും ചേരട്ട ഒതുക്കുകല്ലിനു മീതെക്കൂടെ ധൃതിയിൽ അകത്തേക്കു വന്നു

12

മടങ്ങുമ്പോൾ കിളികൾ മുഴുവനായും മടങ്ങി; നിറമോ രൂപമോ ഇവിടെ മറന്നുവയ്ക്കാതെ

13

വെള്ളത്തിന്റെ ചിറക് പാറ്റയിൽ ഒട്ടിപ്പിടിച്ച് പറക്കാൻ തുടങ്ങുന്നു

14

ആയുസ്സിന്റെ പകുതികൊണ്ട് ഇലകൾ ചേർത്തൊട്ടിക്കുന്നു. പിന്നത്തെപ്പകുതി നേരം ഭൂമിയെപ്പഠിക്കുന്നു

15

കാറ്റത്തു ചെറിയ വിത്തുകൾ വെള്ളത്തിലും ഉറക്കത്തിലും വന്നുവീഴുന്നു

16

ഭൂമിയുടെ നിഴലിൽനിന്ന് വെളിച്ചമുള്ളിടത്തേക്ക് മരങ്ങളിലെപ്പായലുകൾ യാത്രചെയ്തു

17

നക്ഷത്രപ്പൊടി സൂര്യനുചുറ്റും പതിനായിരം തവണ ഈ ഉണങ്ങിയ മുള്ളുമ്പഴങ്ങളും

18

രാവും പകലുമില്ലാതെ മേഘങ്ങൾ മലകളിലും മാളങ്ങളിലും അലക്കുകല്ലുകളിലും തൊട്ടു

19

ചന്ദ്രനൊപ്പം വളരുന്ന നഖങ്ങൾ ഉടലിലുണ്ടാക്കിയ കലകൾ

20

സൂര്യന്റെ അടയാളങ്ങൾ വേഗംവേഗം മായുന്നു, ഉപ്പുകല്ല് വേഗത്തിൽ നീരാവുന്നു

21

ഒരു തോക്കയിൽ തൊണ്ണൂറ്റേഴ മണികൾ, മഞ്ഞയും ചുവപ്പും കലർന്ന് മൂന്നെണ്ണം,

മുളകുവള്ളികൾ പ്രയാസത്തോടെ തണുപ്പുകാലം കഴിച്ചുകൂട്ടുന്നു

22

ഈ നെൻമണിയിൽ ഒരു തത്തയുടെ പേരെഴുതിയിരിക്കുന്നു; അത് ദൂരത്തുനിന്നു പറന്നുവരുന്നു

23

മഞ്ഞിന്റെ നിറമില്ലായ്മ അടിക്കാടുകളിലേക്കു താണുപോയി

അതിന്റെ നിറങ്ങൾ ഉയരമുള്ള കൊമ്പുകളിലവശേഷിച്ചു

24

കോപ്പയിലെ വെള്ളം ഇപ്പോഴും ഇരുട്ടു കുടഞ്ഞുകളയാതെ രാത്രിയായ്ത്തന്നെ നിൽക്കുന്നു

25

പിഞ്ഞാണങ്ങൾ അടുത്തടുത്തിരുന്നു, വിറകുകൊള്ളികളും കൈയിലുകളും

എന്നാൽ കുണുകൾ എപ്പോഴും അകലെപ്പോയിനിൽക്കുന്നു

26

ഗേറ്റുതുറക്കുമ്പോഴുള്ള ശബ്ദം ചില്ലടയുന്നതേക്കാൾ പുരാതനമാണ്, പ്ലാവിലകളുണങ്ങുന്നതേക്കാൾ

27

നൂലിഴ നഖത്തിൽ, മേഘങ്ങൾക്കിടയിൽ ഒരു കിളി, നമ്മൾ വേർപെട്ടുപോവുകയാണ്

28

ഉടഞ്ഞ മൺകുടത്തിൽനിന്ന് ചിതറാതെ നിൽക്കുന്ന വെള്ളം ഉടലിൽ ഓർമ്മയുണ്ടാക്കി

29

അകലത്തിന്റെ അകലം കാലിഞ്ച് അല്ലെങ്കിൽ നാലു പ്രകാശവർഷം

ആ വിടവിൽ മനുഷ്യർ

30

വെളിച്ചത്തിൽനിന്ന് തരികൾ അകന്നുപോയി, അതിന്റെ തരംഗങ്ങൾ മാത്രം മുഖത്തുവീഴുന്നു

31

നോക്കിനിൽക്കെ മുറ്റവുമിറയിലെക്കാലവും മാഞ്ഞുപോവുന്നു

ഇന്ന്

1

മരങ്ങൾക്കിടയിലൂടെ ഒരു ആവൽ പറക്കുന്നു

രാത്രിയുടെ ഈ അരണ്ട വെളിച്ചത്തിൽ

വിദൂരഗ്രഹത്തെ കാത്തുനിൽക്കുമ്പോൾ

പതുക്കെ കായ്കൾ പഴുക്കുന്നു

2

കായ്കളുടെ പച്ചനിറം എപ്പോഴും

ഒഴിഞ്ഞ വീട് എപ്പോഴും

നക്ഷത്രങ്ങൾക്കിടയിലെ ഈ നീലമഷിവര

വെള്ളത്താൽ മായുന്നു

3

മനുഷ്യരുടെ ദുഃഖം കൊണ്ട് പുഴ ഒരു കൂടുണ്ടാക്കുന്നു

ആ ദുഃഖത്തിന്റെ നിഴലിൽ ഉറങ്ങുന്നു

ചിറകു വച്ച് കൂടുപൊട്ടിച്ചു പറക്കുന്നു

മനുഷ്യരുടെ ദുഃഖത്തിൽനിന്ന്

ഒരിക്കലും പുറത്തുകടക്കാൻ വയ്യാതെ

പുല്ലിലും മേട്ടിലും അലയുന്നു

4

നീന്തുമ്പോൾ പാറക്കൂട്ടത്തിൽ ചെന്നിടിച്ച പുറംകൈ

സ്വപ്നമിപ്പോൾ ഇരുണ്ട ചുവപ്പുനിറമായിരിക്കുന്നു

ഉറക്കമുണരുമ്പോൾ ഉച്ചവെയിലിൽ

തോട്ടുവെള്ളം അനങ്ങാതെനിൽക്കുന്നു

5

ഇന്ന് മേഘങ്ങൾ ഒരു ചുഴി പോലെ കറങ്ങുന്നു

കനംകുറഞ്ഞ പടലങ്ങളായി ചുറ്റിത്തിരിയുന്നു

പടിഞ്ഞാറു ദിക്കിലേക്ക് നീങ്ങുന്നു

ഇന്ന് വെയിലിൽ കാക്കച്ചിറകുകൾ തിളങ്ങുന്നു

ഒരു ചെമ്പോത്തിന്റെ കൂവൽ മേഘങ്ങളിൽ കലരുന്നു

6

രാപ്പാറ്റ നൃത്തം ചെയ്യുന്നു

പശകൊണ്ടുണ്ടാക്കിയ പഞ്ഞിക്കൂടിനുള്ളിൽ

മരിക്കുന്ന നക്ഷത്രത്തിന്റെ ഇരുട്ടിലേക്ക്

ഗ്രഹങ്ങൾ പാഞ്ഞുപോകുന്നതുപോലെ

നിശ്ശബ്ദം

7

വെളിച്ചത്തിൽ, അകലത്ത്,

നാലഞ്ച് ഇരുണ്ട കുത്തുകൾ പ്രത്യക്ഷമായി

അകലം കുറയുംതോറും അവ വലുതായിവന്നു

വാലും ചുണ്ടുമായി, കിളികളായി,

ഈ വീടും തൊടിയും കടന്നുപോയി

നാലഞ്ചു വാക്കുകൾ എങ്ങും പോവാതെ

ഈ വെളിച്ചത്തിലും നിഴലുകളിലും ഇപ്പോഴും ചെറിയ
കുത്തുകൾ

8

ദുഃഖം ഇവിടെവച്ച് രണ്ടായിപ്പിരിയുന്നു

അകലെയുള്ള മരത്തിൽ ഒരു കിളിപ്പൊത്ത്

അകലെയുള്ള മലഞ്ചെരുവിൽ ഒരു മാളം

9

ഓർമ്മയിൽനിന്നു വേർപെട്ട്

ഓർമ്മ മുറി നിറയുന്നു

മുറിക്ക് ഒരു ജനാല തുറക്കുന്നു

അതിൻറെ പൊളികൾ കാറ്റത്തടഞ്ഞുകിടന്നു

എപ്പോഴും ഈ കാറ്റുകൾ

10

പൂവിൽനിന്ന് ഉന്നഴിഞ്ഞ് പൂവ് താഴെവീഴുന്നു

നൂലിഴ തൂങ്ങിനിൽക്കുന്നു രാത്രി മുഴുവൻ

11

കടൽ പെട്ടെന്നടങ്ങി

ശരീരത്തിന്റെ ഒരു ദിക്കിലെത്തണുപ്പ് എല്ലായിടവും
പരക്കുന്നു

12

മടങ്ങിവരുന്നു,

മടങ്ങിവരുന്നു ഈ നിറം

ഇലകളിലെല്ലാം മരണത്തെക്കാണൽ

13

വീടിനുമീതെ പറക്കുന്ന രാപ്പാറ്റകൾ സ്വപ്നത്തെയലട്ടുന്നു

ചെറിയ ചെറിയ നിഴലുകൾ വീഴ്ത്തുന്നു

ഉറങ്ങുന്ന മുഖത്ത്

ഈ വാക്കുകൾ

14

കുണുകളുടെ മണം തേടി കാട്ടിലൂടെ അലഞ്ഞു

കല്ലിലുരഞ്ഞുപൊട്ടിയ കാൽത്തണ്ടയിൽ ഭൂമിയുടെ നിറം കലർന്നു

ഇലകൾക്കുള്ളിൽ പറക്കുവാനുള്ള ദാഹം

പുഴുക്കളുണ്ടാക്കിയ ഈ സുഷിരങ്ങളിലൂടെ

നാം അകലങ്ങളിലേക്ക് വീണുപോകുന്നു

15

സന്ധ്യയോട് ഈ വീടുകൾ മിണ്ടുന്നു

ആഴത്തിൽച്ചെന്നു മടങ്ങിവരുന്ന പ്രകാശത്തിൽ

മഷി കട്ടപിടിക്കുന്നു

ചെറിയ അലകൾ വാക്കുകളെ

മറ്റൊരിടത്തേയ്ക്ക് നീക്കുന്നു

16

കടൽ കിളികളെയുണ്ടാക്കുന്നു

മലകൾ അവയ്ക്കുള്ള കൂടുകളും

പഴങ്ങൾ ഉരുവാക്കുന്നതു സൂര്യനാണ്

രാത്രി ആ രൂപങ്ങളഴിച്ചുകളയുന്നു

വിദൂരത്തുള്ള ഗ്രഹങ്ങൾ നമ്മുടെ നിഴലുകളായി

വാക്കുകൾ കഴിഞ്ഞുപോയ സ്ഥലങ്ങൾ

17

രാപ്പാറ്റകളുടെ ചിറകിൽനിന്നുള്ള പ്രകാശകിരണങ്ങൾ

രാത്രിയെ വർത്തുളമാക്കുന്നു

നമ്മുടെ കരച്ചിലുകൾ അതിനാൽ

ഭൂമിയിലേക്കുതന്നെ വീണുകൊണ്ടിരുന്നു

18

അകലങ്ങൾ പൂമ്പാറ്റച്ചിറകിൽ നിഴൽ വീഴ്ത്തുകയും

നിഴലുകൾക്കുമേൽ തിളങ്ങുന്ന ചായം പുരട്ടുകയും ചെയ്തു

ആഴമുള്ള ആ വലയങ്ങൾ

രാത്രിപോലെയും ഓർമ്മപോലെയും നമ്മെ മൂടിക്കഴിഞ്ഞു

19

ഇരുണ്ട വെള്ളം—

അടിയിലെ കല്ലുകളിൽ ദുഃഖത്തിന്റെ ഓർമ്മ

എന്താണ് വെള്ളത്തെ കട്ടിയുള്ളതാക്കുന്നത്?

-

മായുന്നതിനുമുമ്പ്

1.

ഭൂമിയുണ്ടാകുന്നതിനു മുമ്പ് ഈ ചീവീടുകൾ എങ്ങായിരുന്നു പാർപ്പ് ?

മരങ്ങളിൽനിന്നു വേർപെട്ട് മരങ്ങൾ എവിടേക്കാണ് പോകുന്നത് ?

2.

അലഞ്ഞുതിരിഞ്ഞു മടുത്ത മേഘങ്ങൾ
കരിയിലകൾക്കടിയിൽ പതുങ്ങി, കണ്ണു പൂട്ടുന്നു.

3.

തിന്നുമാഞ്ഞ മുഴുവനിലപ്പച്ചയുമോർക്കുകയാണുറക്കത്തിൽ,

നൂൽക്കൂടിനുള്ളിലെപ്പുഴ പാറ്റയാവോളം വരെ,

ഒരു തളിരും വിട്ടുപോകാതെ.

4.

വെള്ളത്തിനെന്തായിരുന്നു, ആകൃതി ?

ദുഃഖം എല്ലാ പ്രാണികളെയും തൊട്ടുനോക്കുന്നു

ദുഃഖം എല്ലാ പാറകളിലും തൊട്ടുനോക്കുന്നു

അതിൻറെ കൈവിരലറ്റം നനഞ്ഞിരിക്കുന്നു

5.

ഗ്രഹങ്ങൾക്കിടയിൽ ഈ ഷഡ്പദം എല്ലാ ദിക്കിലേക്കും
വലിഞ്ഞുമുറുകുന്നു, അതിൻറെ ആറുകാലിലും
കാന്തത്തരികളോ ലോഹങ്ങളോ ?

6.

കുടത്തിനകത്ത് വാക്കുകൾ, പുരാതനകാലത്തേത്, മീതെ
മൂടികെട്ടിയ ശീല, അമർത്തിവച്ച ചുണ്ടുകൾ

7.

മുറിവു മായ്ക്കേണ്ട; അതിനു ചുറ്റിനും ഉണങ്ങിപ്പിടിച്ച ഓർമ്മ മായ്ക്കു

8.

തുണികൊണ്ട് കല്ലുകഴുകുന്ന ശബ്ദം എല്ലാ കടവിലും മുഴങ്ങുന്നു

9.

ഭൂമിയുടെ പിൻമുറ്റത്ത് ഒരു ചെറിയ കളിസ്ഥലം ഉണ്ടായിരുന്നു
മരിച്ചവയൊക്കെയും അങ്ങോട്ടോടിപ്പോയി; പുഴ, കിളി, കുട്ടികൾ

10.

വരാന്തയിൽ അഴിച്ചുവെച്ച ഷൂവിൽനിന്ന്

പൂമ്പാറ്റകൾ മടങ്ങുന്നു

11.

തെച്ചിക്കായ്കൾക്ക് ഭാരം കൂടിക്കൂടിവന്നു

ഭൂമിയുടെ ഭ്രമണത്തിന്റെ വേഗം അല്പം കുറഞ്ഞു

12.

ചില്ലകൾ സൂര്യനുനേരെയും പൂഴക്കൾ ചന്ദ്രനുനേരെയും വളർന്നു

13.

ഇലകളിലുണ്ടാക്കിയ ഓരോ സുഷിരവും ഇപ്പോൾ വിരിഞ്ഞ ഈ ചിറകിലും

പക്ഷേ, നിറങ്ങൾ കലർന്ന്

14.

നീർക്കാക്കകൾ മടങ്ങുന്നു

എഴുതിയ കടലാസുകൾ

രാത്രിയുടെ ഉള്ളിലേക്ക്

15.

എവിടെനിന്നാണ് നീ വന്നത്?

ചിന്നക്കുട്ടുറുവൻറെ ഒച്ചയിൽ മുങ്ങിക്കുതിർന്ന്

ഒരു കഷ്ണം വെളിച്ചം

16.

എല്ലായും ത്തുവലായും വേർപെടുക

ഒഴിഞ്ഞ പൊത്തിന്നിരുളായി മടങ്ങിവരിക

17.

ചുവന്ന കരയുള്ള നനഞ്ഞ തോർത്ത്

കരയിൽ വിരിച്ചിട്ടു; താഴേയ്ക്കു മറഞ്ഞു മീനുകൾ;

വേഗമാറുന്നു മരണങ്ങൾ

18.

എല്ലുകളും മുടിയിഴകളും കഴുകുന്നു പുഴവെള്ളം

19.

മടങ്ങിവരുന്നില്ല ഒരിക്കലും

20.

ദു:ഖവും ആനന്ദവും ഇല്ല

കാറ്റ് വെള്ളത്തെ ഇളക്കുന്നു

21.

വലിയ പാറക്കെട്ടുകൾ രാത്രിയോട്

22.

നിലത്തിലകളിൽ പുഴുക്കളിൽ

കാട്ടുപുള്ളിൻറെ മൺനിറം പുരളുന്നു

ഇരുണ്ട വെള്ളം irunda vellam © 2025 by എം പി പ്രതീഷ് M P Pratheesh is licensed under CC BY-NC-ND 4.0. To view a copy of this license, visit https://creativecommons.org/licenses/by-nc-nd/4.0/